## പതിനാലാം കേരളനിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 1368** **03.10.2016-ൽ മറുപടിക്ക്**

### ബസ് യാത്രക്കാരായ കുടുംബത്തെ ആക്രമിച്ചവർക്കെതിരെ നടപടി

**ചോദ്യം** — **ശ്രീ. സി. മമ്മൂട്ടി**

**മറുപടി** — **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)**

(എ) മൂവാറ്റുപുഴയിൽ ബസിൽ സീറ്റൊഴിഞ്ഞു കൊടുത്തില്ലെന്ന് ആരോപിച്ച് കെ.എസ്.ആർ.ടി.സി. ബസിൽ യാത്ര ചെയ്ത കുട്ടികളടക്കമുള്ള കുടുംബത്തെ യാത്രക്കാരല്ലാത്ത ഒരു സംഘം ആക്രമിച്ച് പരിക്കേൽപ്പിക്കുകയും അതിനെതിരെ ബസിലെ യാത്രക്കാർ പ്രതികരിച്ചപ്പോൾ ആക്രമണ വിധേയരായ കുടുംബത്തെ രക്ഷിക്കാനെന്ന മട്ടിൽ സ്റ്റേഷനിൽ കൊണ്ടുപോയി അവർക്കെതിരെ ജാമ്യമില്ലാ വകുപ്പ്പ്രകാരം കേസെടുക്കുകയുംചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എ) 07.08.2016 ന് മൂവാറ്റുപുഴ കച്ചേരിതാഴത്ത് കെ.എസ്.ആർ.ടി.സി ബസ്സിൽ ബഹളം നടക്കുന്നതായി വിവരം ലഭിച്ചതിനെ തുടർന്ന് പോലീസ് എത്തിയ സമയം തൃശ്ശൂർ സ്വദേശികളായ അനിൽ കുമാറും ഭാര്യയും ചേർന്ന് റജീന എന്ന സ്ത്രീയെ ഉപദ്രവിച്ചതായി പറയുകയും കൂടിനിന്നവർ അനിൽ കുമാറിനേയും കുടുംബത്തേയും ഉപദ്രവിക്കാൻ ശ്രമിക്കുകയും ചെയ്തതിനാൽ ടി കുടുംബത്തെ രക്ഷിക്കുന്നതിന്റെ ഭാഗമായി സ്റ്റേഷനിലേയ്ക്ക് കൂട്ടിക്കൊണ്ട് വരുകയും റജീനയുടെ പരാതി പ്രകാരം മൂവാറ്റുപുഴ പോലീസ് സ്റ്റേഷനിൽ ക്രൈം 2090/2016 നമ്പരായി കേസ് രജിസ്റ്റർ ചെയ്യുകയും, തുടർന്ന് ടി റജീനയും മറ്റുള്ളവരും ചേർന്ന് ഉപദ്രവിച്ചതായുള്ള അനിൽകുമാറിന്റെ ഭാര്യ സുഷമയുടെ പരാതി പ്രകാരം മൂവാറ്റുപുഴ പോലീസ് സ്റ്റേഷനിൽ ക്രൈം 2109/2016 നമ്പരായി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നതുമാണ്.

(ബി) ഈ കേസിൽ സ്പെഷ്യൽ ബ്രാഞ്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ അന്വേഷണ റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ;

(ബി) ടി സംഗതിയിൽ ജില്ലാ സ്പെഷ്യൽ ബ്രാഞ്ച് അന്വേഷണം നടത്തിയിട്ടുണ്ട്. ഇക്കാര്യത്തിന് പ്രത്യേക റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

(സി) ബസ് യാത്രക്കാരായ കുടുംബത്തെ ബസ് തടഞ്ഞ് ആക്രമിച്ചവർക്കെതിരെ കേസെടുത്തിട്ടുണ്ടോ; എങ്കിൽ ഇവർ ആരൊക്കെയാണെന്ന് വെളിപ്പെടുത്തുമോ?

(സി) ഉണ്ട്. ടി സംഭവത്തിൽ റജീനയ്ക്കും കണ്ടാൽ അറിയാവുന്ന ആളുകൾക്കുമെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ